**പതിനാലാം കേരളനിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 158** | **28.01.2019-ൽ മറുപടിക്ക്**

**താജുദ്ദീൻ എന്ന പ്രവാസിയെ ജയിലിലടച്ച സംഭവം**

| **ചോദ്യം**<br>**ശ്രീ.ടി. വി. ഇബ്രാഹിം** | | **മറുപടി**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|---|
| (എ) കണ്ണൂർ കതിരൂർ സ്വദേശി താജുദ്ദീൻ എന്ന പ്രവാസിക്ക് എതിരെ കേസ്സെടുത്ത് 52 ദിവസം ജയിലിലടച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;<br>(ബി) ഈ കേസ്സിൽ താജുദ്ദീൻ നിരപരാധിയാണെന്നും പോലീസിന് വീഴ്ച പറ്റിയെന്നുമുള്ള റിപ്പോർട്ട് പോലീസ് കോടതിയിൽ സമർപ്പിച്ചിരുന്നോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുഖ്യമന്ത്രിക്ക ലഭിച്ച പരാതിയെ തുടർന്ന് കേസിന്റെ അന്വേഷണം ജില്ലാ പോലീസ് മേധാവി ഏറ്റെടുത്തിരുന്നു. ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട്, പോലീസ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |
| (സി) കൊണ്ടോട്ടി എം.എൽ.എ.,19.9.2018 ന് ഡി.ജി.പി.യ്ക്ക് ഈ കേസ്സുമായി ബന്ധപ്പെട്ട് നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (സി) | കൊണ്ടോട്ടി എം.എൽ.എ യുടെ പരാതിയിൽ ക്രൈംബ്രാഞ്ച് ഐ.ജി മുഖേന അന്വേഷണം നടത്തി താജുദ്ദീൻ യഥാർത്ഥ പ്രതിയല്ലെന്ന് കണ്ടെത്തി ടിയാനെ പ്രതിപട്ടികയിൽ നിന്നും കുറവ് ചെയ്യാൻ കോടതി മുൻപാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. കൂടാതെ ഈ സംഭവത്തിൽ കുറ്റാരോപിതനായ എസ്.ഐയ്ക്കെതിരെ കണ്ണൂർ ജില്ലാ |

| | | | |
|---|---|---|---|
| | | | പോലീസ് മേധാവി വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അന്വേഷണ പിഴവുകൾ കണക്കിലെടുത്ത് കണ്ണൂർ ഡി.വൈ.എസ്.പിയ്ക്കെതിരെ Non OE ഉത്തരവായിട്ടുള്ളതും ടിയാന് MOC നൽകിയിട്ടുള്ളതുമാണ്. |
| (ഡി) | ക്രൈംബ്രാഞ്ച് ഐ.ജി.യുടെ ഈ കേസ്സുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഡി) | റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം II ആയി ചേർത്തിട്ടുണ്ട് |
| (ഇ) | ഈ കേസ്സുമായി ബന്ധപ്പെട്ട യഥാർത്ഥ പ്രതിയുടെ വിവരങ്ങൾ കൊണ്ടോട്ടി എം.എൽ.എ.,ഡി.ജി.പി.യ്ക്ക് സമർപ്പിച്ചി രുന്നോ; ഇക്കാര്യത്തിൽ വസ്തുതകൾ പോലീസിന് ബോധ്യപ്പെട്ടിട്ടുണ്ടോ; | (ഇ) & (എഫ്) | ഈ കേസുമായി ബന്ധപ്പെട്ട യഥാർത്ഥ പ്രതിയെന്ന് സംശയിക്കപ്പെടുന്ന ആളിന്റെ വിവരങ്ങൾ ബഹു. കൊണ്ടോട്ടി എം.എൽ.എ സമർപ്പിച്ച പരാതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥ പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (എഫ്) | ഈ കേസ്സിലെ യഥാർത്ഥ പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ.

൧ [redacted] അനുബന്ധം - I

**BEFORE THE HON'BLE CHI[redacted]CIAL MAGISTRATE COURT, THALASSERY.**

സർ,

വിഷയം :- Report u/s 169 Cr.PC.

സൂചന : - ചക്കരക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 388/2018 u/s 392 IPC

>>><<<

05.07.2018 തീയ്യതി 12.15 മണിക്ക് രാഗിസി കെ., W/o ഷാജി എം., വയസ്സ് : 32/18, അശ്വതി ഹൗസ്, വടക്കമ്പാട്, മുണ്ടല്ലൂർ എന്ന സ്ത്രീ മക്രേരി അംശം പോരക്കളം എന്ന സ്ഥലത്ത് വെള്ളിരിങ്ങി എസ്റ്റേറ്റ് റോഡ് വഴി വീട്ടിലേക്ക് നടന്ന് പോകവെ ടിയാളുടെ കഴുത്തിൽ ധരിച്ചിരുന്ന 5½ പവൻ തൂക്കം വരുന്നതും, ഉദ്ദേശം 1,20,000/- രൂപ വിലമതിക്കുന്നതുമായ സ്വർണ്ണ താലിമാല, വെളുത്ത നിറത്തിലുള്ള സ്കൂട്ടർ ഓടിച്ച് വന്ന കണ്ടാലറിയാവുന്ന ഒരാൾ ബലം പ്രയോഗിച്ച് പിടിച്ച് പറിച്ചെടുത്ത് കവർച്ച ചെയ്ത് കൊണ്ടു പോയ കാര്യത്തിന് രാഗിസി കെ എന്നവരുടെ പരാതിയിൽ സൂചന – 2 പ്രകാരം രജിസ്റ്റർ ചെയ്ത ഈ കേസിന്റെ FIR യഥാസമയം ബഹു. കോടതി മുമ്പാകെ സമർപ്പിച്ച ശേഷം കേസന്വേഷണം ചക്കരക്കൽ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ശ്രീ. ബിജു പി. നടത്തി വന്നിട്ടുള്ളതുമാണ്.

മേൽ സംഭവം നടത്തിയ പ്രതി പോയത് കമ്പനിമെട്ട, വടക്കമ്പാട് എൽ.പി. സ്കൂൾ, അനന്തൻ സ്മാരക വായനശാല, പെരളശ്ശേരി അമ്പലനട വഴി മമ്പറം ഭാഗത്തേക്കാണെന്ന് പരാതിക്കാരിയും, തുടർന്ന് പ്രതിയെ ബൈക്കിൽ പിന്തുടർന്ന ശ്രീരാജ് കെ., S/o രാജൻ, വയസ്സ് : 28/18, ശ്രീനിലയം, മക്രേരി അംശം, വടക്കമ്പാട് എന്നയാളും പ്രതി പോയ വഴിയുടെ സമീപമുള്ള വീട്ടിൽ ജോലി ചെയ്തു വന്നിരുന്ന ഷിബിൻ വി.വി., S/o വിജയൻ, വയസ്സ് : 29/18, ചാലിൽ വളപ്പിൽ ഹൗസ്, മക്രേരി അംശം, വടക്കമ്പാട് എന്നയാളും എസ്.ഐക്ക് മൊഴി നൽകി തുടർന്ന് പ്രസ്തുത റോഡരികിലുള്ള സ്ഥാപനങ്ങളിലെയും, വീടുകളിലെയും CCTV ദൃശ്യങ്ങൾ പരിശോധിച്ചതിൽ പരാതിക്കാരി നൽകിയ അടയാള വിവരങ്ങളുമായി ഒരു

ചാര നിറത്തിലുള്ള പാൻ്റും, വലിയ കള്ളികളോട് കൂടിയ ചെക്ക് ഷർട്ടും ധരിച്ചതും, ഇരു നിറവും, ഉദ്ദേശം 40 വയസ്സിനു മുകളിൽ പ്രായം തോന്നിക്കുന്നതും, കഷണ്ടി തലയും, നര കയറിയ താടിയോട് കൂടിയതുമായ ഒരാൾ സംഭവസ്ഥലത്ത് നിന്നും വെള്ള സ്കൂട്ടറിൽ രക്ഷപ്പെട്ട് പോകുന്നതിന്റെ ദൃശ്യം വിവിധ ക്യാമറകളിൽ പതിഞ്ഞതായി കണ്ടു തുടർന്ന് അയാളെ പറ്റി സോഷ്യൽ മീഡിയ വഴി ദൃശ്യം പ്രചരിപ്പിച്ച് എസ്.ഐ അന്വേഷണം നടത്തിയതിൽ 1) ജയരാജ് കെ. S/o രാഘവൻ, വയസ്സ് : 48/18, തച്ചോളി പറമ്പത്ത് ഹൗസ്, കതിരൂർ അംശം, പുല്യോട് ദേശം 2) പവിത്രൻ.എൻ. S/o കണ്ണിരാമൻ, വയസ്സ് : 46/18, നെല്ലോത്ത് ഹൗസ് കതിരൂർ അംശം, പുല്യോട് ദേശം എന്നിവർ പ്രസ്തുത വീഡിയോയിൽ കാണുന്നയാൾ താജുദ്ദീൻ.വി.കെ. S/o ജമീൽ, അൽമനാർ മൻസിൽ, സുബുല സലാം മസ്ജിദിന് സമീപം, സെയ്യാർ പള്ളി (പി.ഒ), ടെമ്പിൾ ഗേറ്റ്, തലശ്ശേരി. ഇപ്പോൾ കതിരൂർ സി.എച്ച് നഗർ എന്ന സ്ഥലത്ത് പുല്യോട് അമ്പലത്തിന് സമീപം, തജ്നാസ് എന്ന വീട്ടിൽ താമസിക്കുന്നയാളാണെന്ന് മൊഴി നൽകി.

തുടർന്ന് 11.07.2018 തീയതി പുല്യോട് സി.എച്ച് കണാരൻ സ്മാരക വായന ശാലക്ക് സമീപം വെച്ച് മേപ്പടി താജുദ്ദീനെ കസ്റ്റഡിയിൽ എടുക്കുകയും, തുടർന്ന് സ്റ്റേഷനിൽ കൊണ്ടു വന്ന് കേസിലെ പരാതിക്കാരിയെ കാണിച്ചതിൽ ടിയാൻ തന്നെയാണ് കേസിൽ ഉൾപ്പെട്ട പ്രതിയെന്ന് തിരിച്ചറിഞ്ഞ് എസ്.ഐക്ക് മൊഴി നൽകി. തുടർന്ന് സ്റ്റേഷനിൽ വെച്ച് പ്രസ്തുത CCTV ദൃശ്യങ്ങൾ താജുദ്ദീന്റെ മകൻ മുഹമ്മദ് തസിൻ ജമീൽ എന്നയാൾക്ക് കാണിച്ചു കൊടുത്തതിൽ CCTV ദൃശ്യത്തിലുള്ളയാൾ ടിയാന്റെ ഉപ്പയെ പോലെ തോന്നുന്നതായി പറഞ്ഞതായി എസ്.ഐ പറയുന്നു. കൂടാതെ മറ്റ് സാക്ഷികളായ 1) ഷിബിൻ.സി.വി, S/o വിജയൻ, വയസ്സ് : 29/18, ചാലിൽ വളപ്പിൽ ഹൗസ്, മക്രേരി അംശം, വടക്കുമ്പാട്. 2) സുമതി.എം.ഒ., W/o മുരളീധരൻ, വയസ്സ് : 48/18, പാർവ്വതി ഹൗസ്, പിലാത്തി 3) സ്നേഹ.വി.സി., W/o ശ്രീകാന്ത്, വയസ്സ് : 31/18, ശ്രീനിലയം, മക്രേരി അംശം, വടക്കുമ്പാട്. 4) രാജേഷ്.കെ.കെ., S/o ഗോവിന്ദൻ, വയസ്സ് : 39/18, കേളുൻ കണ്ടി ഹൗസ്, മക്രേരി അംശം, പിലാത്തി 5) വിദ്യ.പി.എം., W/o അനിൽ കുമാർ.കെ.സി., വയസ്സ് : 41/18, സൗപർണ്ണിക, മക്രേരി അംശം, വടക്കുമ്പാട്, എന്നിവർ കൂടി പ്രതിയെ കണ്ട് തിരിച്ചറിഞ്ഞതിനെ തുടർന്ന് കുറ്റകൃത്യം ചെയ്തത്

താജുദ്ദീനാണെന്ന ഉത്തമ വിശ്വാസത്തിൽ എസ്.ഐ ടിയാനെ അറസ്റ്റ് ചെയ്തു. ആദ്യം അറസ്റ്റ് ചെയ്യുമ്പോഴും, പിന്നീട് പോലീസ് കസ്റ്റഡിയിൽ വാങ്ങി വീണ്ടും ചോദ്യം ചെയ്തതിലും, ടിയാൻ കുറ്റം ചെയ്തിട്ടില്ലെന്നും, നിരപരാധിയാണെന്നും പറയുകയാൽ കുറ്റകൃത്യത്തിൽ ഉൾപ്പെട്ട വെള്ള സ്കൂട്ടറോ, കവർച്ച ചെയ്ത് കൊണ്ടുപോയ സ്വർണ്ണാഭരണങ്ങളോ കണ്ടെത്താൻ സാധിച്ചിട്ടില്ല.

ഈ കേസിലെ പ്രതി താജുദ്ദീന്റെ ഭാര്യ നസ്രീന.വി.കെ, ടിയാളുടെ ഭർത്താവ് താജുദ്ദീൻ തികച്ചും നിരപരാധിയാണെന്നും, മറ്റാരോ ആണ് കുറ്റകൃത്യം നടത്തിയത് എന്നും, ടിയാളുടെ ഭർത്താവ് പ്രതിയല്ല എന്നതിന് തെളിവുകളുണ്ട് എന്നും മറ്റും പറഞ്ഞ് ബഹു. മുഖ്യമന്ത്രി മുമ്പാകെ പരാതി നൽകിയതിനെ തുടർന്ന് ഈ കേസിന്റെ അന്വേഷണം ഞാൻ ഏറ്റെടുത്തിട്ടുള്ളതാണ്. ശേഷം നസ്രീനയെ എന്റെ ഓഫീസിൽ വിളിച്ചു വരുത്തി വിശദമായി മൊഴി രേഖപ്പെടുത്തിയിട്ടുള്ളതും ആയതിൽ അന്വേഷണം നടത്തിയതിൽ താഴെ പറയുന്ന കാര്യങ്ങൾ ബോധ്യപ്പെട്ടിട്ടുള്ളതുമാണ്.

1. മക്കളുടെ നിക്കാഹിന് 15 ദിവസത്തെ ലീവിൽ നാട്ടിൽ വന്ന താജുദ്ദീൻ നിക്കാഹിന്റെ തിരക്കിനിടയിൽ ഇത്തരമൊരു കുറ്റകൃത്യം ചെയ്യാൻ സാധ്യതയില്ലാത്തതാണ്.

2. 05.07.2018 തീയ്യതി സുമാർ 11.45 മണിക്ക് കതിരൂരിലുള്ള പ്രകാശ് എന്ന പന്തൽ ഷോപ്പിലും, സുമാർ 12 മണിയോടെ ഉക്കാസ് മൊട്ടയിലുള്ള ബ്യൂട്ടീഷ്യന്റെ വീട്ടിലും ഒരു ഗ്രേ കളർ സ്വിഫ്റ്റ് കാറിൽ സുമാർ 45 വയസ്സ് പ്രായം തോന്നിക്കുന്നതും, താടി വെച്ചതും, കഷണ്ടി തലയോടുകൂടിയതുമായ ഒരാളും, സുമാർ 35 വയസ്സ് പ്രായം തോന്നിക്കുന്ന പർദ്ദ ധരിച്ച സ്ത്രീയും, ഒരു പെൺകുട്ടിയും വന്നിരുന്നു എന്നും, അത് താജുദ്ദീനും, ഭാര്യയും, മകളുമാണ് എന്ന് സാക്ഷികളായ 1) ശ്രീജിത്ത് എൻ.സി., S/o അച്യുതൻ, വയസ്സ് 42/18, എൻ.സി ഹൗസ്, കതിരൂർ അംശം, 2) രോഷ്ന എ. D/o മോഹനൻ, വയസ്സ് 36/18, ചാലിയത്ത് വീട് കതിരൂർ അംശം, പൊന്ന്യം ഈസ്റ്റ് 3) ഷമീന.കെ.പി., D/o ഗോപാലൻ, വയസ്സ് 40/18, കീഴക്കോയിൽ, ഉക്കാസ് മൊട്ട, കതിരൂർ എന്നിവർ എനിക്ക് മൊഴി നൽകിയിട്ടുണ്ട്.

3. താജുദ്ദീൻ ഉപയോഗിച്ചു എന്നു പറയുന്ന 9847798824 എന്ന നമ്പറിന്റെ CDR പരിശോധിച്ചതിൽ ബ്യൂട്ടീഷ്യൻ ഷെമീന കെ.പി. എന്നവരുടെ 0562971060 എന്ന നമ്പറിലേക്ക് 05.07.2018 തീയതി 11.47.50, 11.49.36 എന്നീ സമയങ്ങളിൽ വിളിച്ചതായി കാണുന്നുണ്ട്. വീട്ടിൽ വന്നപ്പോൾ താജുദ്ദീനുമായി നേരിട്ട് സംസാരിച്ചിരുന്നു എന്നും ബ്യൂട്ടീഷ്യൻ മൊഴി നൽകിയിട്ടുണ്ട്. ഇവിടെ നിന്നും താജുദ്ദീൻ 12.15 മണിയോടെ സംഭവസ്ഥലത്തെത്താനുള്ള സാധ്യത വിരളമാണ്.

4. 05.07.2018 തീയതി സംഭവം നടന്ന 12.15 മണിക്ക് താജുദ്ദീൻ ഭാര്യയുടെ കൂടെ വീട്ടിലായിരുന്നുവെന്ന വാദത്തിന് ഉപോദ്ബലകമായി ടിയാന്റെ ഫോൺനമ്പറിന്റെ ടവർ ലൊക്കേഷൻ വീട്ടിൽ തന്നെയാണെന്ന് കാണുന്നു. 05.07.2018 തീയതി 12.15 മണിക്ക് സംഭവം നടക്കുന്ന സമയം, താജുദ്ദീൻ കതിരൂർ, ഉക്കാസ് മൊട്ട എന്നീ സ്ഥലങ്ങളിലാണെങ്കിൽ സുമാർ 11 കി.മി മാറിയുള്ള സംഭവസ്ഥലത്തേക്ക് എത്തിച്ചേർന്ന് കുറ്റകൃത്യം ചെയ്യാനുള്ള സാധ്യതയില്ലാത്തതാണ്.

5. CCTV ദൃശ്യത്തിലുള്ളയാൾ വലത് കൈകയ്യിൽ വള ധരിച്ചതായി കാണുന്നുണ്ട്. മുസ്ലീം മത വിശ്വാസികൾ കൈകയ്യിൽ സ്റ്റീൽ വള ധരിക്കാൻ സാധ്യത കുറവായതിനാൽ വിഷ്വലിൽ കാണുന്നയാൾ താജുദ്ദീനല്ല എന്ന സംശയം ഉണർത്തുന്നുണ്ട്.

6. ദൃശ്യത്തിലുള്ളയാളുടെ നെറ്റിയിൽ കാണുന്ന കറുത്ത പാടുകളും താജുദ്ദീന്റെ അടയാള വിവരങ്ങളുമായി യോജിക്കാത്തതാണ്. മാത്രമല്ല സിസിടിവി ദൃശ്യങ്ങൾ കണ്ട് ആളെ തിരിച്ചറിയാൻ മാത്രം പ്രസ്തുത ദൃശ്യങ്ങൾക്ക് ക്ലാരിറ്റി ഇല്ല. മേൽ സാഹചര്യത്തിൽ താജുദ്ദീനെ പ്രതിയെന്ന നിലയിൽ Identify ചെയ്ത സാക്ഷിമൊഴികൾ വിശ്വസിച്ചതിലൂടെ എസ്.ഐക്ക് അബദ്ധം പറ്റിയിട്ടുണ്ട് എന്ന് മനസ്സിലാകുന്നു.

സംഭവത്തിന് ഇരയായ സ്ത്രീയും പ്രതിയെ നേരിൽ കണ്ട മറ്റ് അഞ്ച് സാക്ഷികളും താജുദ്ദീനാണ് പ്രതി എന്ന് തിരിച്ചറിഞ്ഞ് പറഞ്ഞ സാഹചര്യത്തിൽ എസ്.ഐ ടിയാന്റെ അറസ്റ്റ് രേഖപ്പെടുത്തിയത് ഉത്തമവിശ്വാസത്തിലുള്ള കൃത്യനിർവ്വഹണമാണെന്ന് തന്നെ പറയാം.

ഒരാൾ ഒരു Cognizable Offence ചെയ്തതായി വിശ്വാസയോഗ്യമായ അറിവോ, യുക്തിസഹമായ സംശയമോ ഉണ്ടായിക്കഴിഞ്ഞാൽ ടിയാനെ അറസ്റ്റ് ചെയ്യാൻ Cr.PC പ്രകാരം ഐ.ഒ.ക്ക് അധികാരമുള്ളതിനാൽ അറസ്റ്റിന്റെ Good Faith ചോദ്യം ചെയ്യപ്പെടാവുന്നതല്ല

താജുദ്ദീന് സാദൃശ്യമുള്ളതും, CCTV വിഷ്വലിലെ അടയാള വിവരങ്ങളോട് കൂടിയ ഏതെങ്കിലും MO ക്രിമിനൽസ് കണ്ണൂർ ജില്ലയിലും സമീപ ജില്ലകളിലെവിടെയെങ്കിലും ഉണ്ടോ എന്ന് വ്യാപകമായി നടത്തിയ അന്വേഷണത്തിൽ കോഴിക്കോട് ജില്ലയിൽ അഴിയൂരിൽ കോറോത്ത് റോഡിലുള്ള വത്സരാജിന്റെ മകൻ ശരത്തിന് സി.സി.ടി.വി ദൃശ്യങ്ങളിൽ സ്കൂട്ടർ ഓടിച്ചു പോകുന്ന ആളുമായി സാദൃശ്യം ഉള്ളതായി തോന്നുന്നു

വടകര ക്രൈം സ്ക്വാഡിന് നിന്നും അയച്ചു കിട്ടിയ ശരത്തിന്റെ ഫോട്ടോ സൂക്ഷ്മമായി പരിശോധിച്ചതിൽ ടിയാന് ഭാഗികമായി നരച്ച താടിയുള്ളതായും, കണ്ണട ധരിച്ചതായും, സുമാർ 45 വയസ്സ് പ്രായം തോന്നിക്കുന്നതായും, പൂർണമായും കഷണ്ടിയുള്ളതായും കാണുന്നു. ടിയാന്റെ ഫേസ് ബുക്ക് അക്കൗണ്ട് കണ്ടെത്തി അതിൽ പോസ്റ്റ് ചെയ്തതായ കൂടുതൽ ഫോട്ടോകൾ പരിശോധിച്ചതിൽ ഒരു ഫോട്ടോയിൽ വലതു കൈയിൽ സ്റ്റീൽ വള ധരിച്ചതായി കാണുന്നു. കൂടാതെ ടിയാന്റെ നെറ്റിയിൽ അല്പം കുഴിഞ്ഞ കറുത്ത പാടുകൾ കാണുന്നുണ്ട്. ഈ കേസിലെ സംഭവസ്ഥലത്തു നിന്നും രക്ഷപ്പെട്ടു പോകുന്ന പ്രതിയുടെ സി.സി.ടി.വി ദൃശ്യത്തിൽ കാണുന്ന നെറ്റിയിലെ കറുത്ത അടയാളങ്ങളും, കൈയിലെ വളയും ഉൾപ്പെടെയുള്ള അടയാളങ്ങൾ കൂടുതൽ മാച്ച് ചെയ്യുന്നത് കേസിൽ അറസ്റ്റ് ചെയ്ത താജുദ്ദീനേക്കാൾ ശരത്തിനാണ്. മാത്രമല്ല ശരത്തിന്റേത് എന്ന് സംശയിക്കുന്ന ഒരു ഫോൺ നമ്പറിന്റെ ടവർ ലൊക്കേഷൻ സംഭവസമയം സംഭവസ്ഥല പ്രദേശത്ത് കാണുന്നു.

എന്നിരുന്നാലും മേപ്പടി ശരത്തിന്റെ ഫോട്ടോ അന്യായക്കാരിയും സാക്ഷികളും പ്രതിയെന്ന നിലയ്ക്ക് തിരിച്ചറിഞ്ഞിട്ടില്ല. മാത്രമല്ല അന്യായക്കാരി മജിസ്ട്രേറ്റ് മുമ്പാകെ നൽകിയ Cr.PC സെക്ഷൻ 164 പ്രകാരം നൽകിയ മൊഴിയിലും പ്രതി താജുദ്ദീനാണെന്നും ഉറപ്പിച്ച് പറയുന്നു. പ്രസ്തുത മൊഴികൾ മറ്റ് സാഹചര്യ തെളിവുകളുടെ അടിസ്ഥാനത്തിൽ വിശ്വാസയോഗ്യമല്ല.

2) അനുബന്ധം-II

No.176/Camp/IGP-Crimes/2018
Dated 15-10-2018

പ്രേഷിതൻ

എസ്. ശ്രീജിത്ത് ഐ.പി.എസ്
പോലീസ് ഇൻസ്പെക്ടർ ജനറൽ (ക്രൈംസ്)
സി.ബി.സി.ഐ.ഡി.
തിരുവനന്തപുരം.

സ്വീകർത്താവ്

സംസ്ഥാന പോലീസ് മേധാവി
കേരളം, തിരുവനന്തപുരം.

സർ,

വിഷയം:- കേരള നിയമസഭ കൊണ്ടോട്ടി എം.എൽ.എ ശ്രീ.ടി.വി ഇബ്രാഹിം മുഖാന്തിരം ശ്രീ. താജുദ്ദീൻ എന്നയാൾ നൽകിയ പരാതി - അന്വേഷണ റിപ്പോർട്ട് - സംബന്ധിച്ച്.

മേൽ വിഷയത്തിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

കേരള നിയമസഭ കൊണ്ടോട്ടി എം.എൽ.എ മുഖാന്തിരം നൽകിയ താജുദ്ദീൻ എന്നയാളുടെ പരാതിയിൽ പറയുന്ന കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

കണ്ണൂർ ജില്ലയിൽ കതിരൂർ പോസ്റ്റിൽ പുല്ല്യോട് സി.എച്ച് നഗറിൽ തജിനാസ് മൻസിലിൽ ജമീൽ മകൻ 43 വയസുള്ള താജുദ്ദീൻ നൽകിയ പരാതിയിൽ ടിയാൻ 20 വർഷമായി ഖത്തറിൽ ബിസിനസ് നടത്തി വരികയാണെന്നും മകളുടെ നിക്കാഹിന് 25.06.2018 തീയതി നാട്ടിൽ എത്തിയതാണെന്നും 08.07.2018 തീയതി മകളുടെ നിക്കാഹ് കഴിഞ്ഞുവെന്നും 11.07.2018 തീയതി ടിയാനും കുടുംബവും മാഹിയിലുള്ള സഹോദരിയുടെ വീട്ടിൽ നിന്നും സ്വന്തം വീട്ടിലേക്ക് തിരിച്ചുവരുന്ന വഴി ടിയാന്റെ വീടിനടുത്തുവച്ച് ചക്കരക്കൽ എസ്.ഐ, കതിരൂർ പോലീസിന്റെ സാന്നിദ്ധ്യത്തിൽ കസ്റ്റഡിയിൽ എടുത്തുവെന്നും ഇതേപ്പറ്റി പോലീസിനോട് കാര്യമെന്താണെന്ന് അന്വേഷിച്ചതിൽ 05.07.18 തീയതി മക്രേരി പോരക്കുളം എന്ന സ്ഥലത്ത് വച്ച് രാഗി എന്ന

സ്ത്രീയുടെ 5 1/2 പവൻ തൂക്കമുള്ള സ്വർണ്ണ താലിമാല പിടിച്ചുപറിച്ചു കൊണ്ടുപോയ ആളുടെ സി.സി.ടി.വി ദൃശ്യങ്ങളുമായി താജുദ്ദീന് സാദൃശ്യം ഉണ്ടെന്നും അത് veryfy ചെയ്യാനാണ് എന്നു പറഞ്ഞുവെന്നും തുടർന്ന് ചക്കരക്കൽ പോലീസ് സ്റ്റേഷനിൽ ടിയാനെ കൊണ്ടുപോയി ചക്കരക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 388/2018 U/S 392 IPC കേസിലെ പ്രതിയായി ചേർത്ത് ടിയാനെ തലശ്ശേരി ചീഫ് മജിസ്ട്രേട്ട് കോടതിയിൽ 12.07.2018 തീയതി ഹാജരാക്കുകയും തുടർന്ന് തലശ്ശേരി സബ് ജയിലിൽ റിമാൻഡ് ചെയ്തുവെന്നും ഈ സംഭവവുമായി ബന്ധപ്പെട്ട് തികച്ചും നിരപരാധിയായ തന്നെ മനഃപൂർവ്വം കള്ളക്കേസിൽ കുടുക്കി മാനസികമായും ശാരീരികമായും പീഡിപ്പിച്ചു എന്നുള്ളതാണ് പരാതി സംഗതി.

പരാതിയുമായി ബന്ധപ്പെട്ട് പരാതിക്കാരനായ താജുദ്ദീനെ വീണ്ടും കണ്ട് ചോദിച്ച് മൊഴി രേഖപ്പെടുത്തിയിട്ടുള്ളതും ടിയാൻ ഹാജരാക്കിയ CCTV ദൃശ്യങ്ങളടങ്ങിയ ഫോട്ടോകൾ പരിശോധിച്ചിട്ടുള്ളതും ടിയാനെ മനഃപൂർവ്വം പ്രതി ചേർത്ത് അന്വേഷിച്ചുവരുന്നതായി ആരോപിക്കുന്ന ചക്കരക്കൽ PS. Cr. 388/2018 u/s 392 IPC കേസിന്റെ സി.ഡി ഫയൽ വിശദമായി പരിശോധിച്ചിട്ടുള്ളതുമാണ്.

05.07.2018 തീയതി 12.15 മണിക്ക് മക്രേരി അംശം വടക്കുമ്പാട് ദേശത്ത് വപ്പുമാസ്റ്റർ എന്ന് അറിയപ്പെടുന്ന ആളുടെ വീടിന് സമീപം റോഡിൽ വച്ച് രാഗി സി.കെ എന്ന സ്ത്രീയുടെ കഴുത്തിൽ ധരിച്ചിരുന്ന 5 1/2 പവൻ തൂക്കം വരുന്നതും ഉദ്ദേശം 1,20,000/- രൂപ വിലവരുന്നതുമായ സ്വർണ്ണ താലിമാല വെള്ള കളർ സ്കൂട്ടറിൽ എത്തിയ കണ്ടാൽ തിരിച്ചറിയാവുന്ന ഒരാൾ ബലം പ്രയോഗിച്ച് പറിച്ചെടുത്ത് കവർച്ച ചെയ്ത് കൊണ്ടുപോയി എന്നുള്ളതാണ് ക്രൈം 388/2018 എന്ന കേസിലെ പരാതി സംഗതി.

കേസ് രജിസ്റ്റർ ചെയ്തതിനെ തുടർന്ന് ചക്കരക്കൽ പോലീസ് സ്റ്റേഷൻ സബ്.ഇൻസ്പെക്ടർ ശ്രീ. പി. ബിജു 06.07.2018 മുതൽ കേസിന്റെ അന്വേഷണം ഏറ്റെടുത്ത് നടത്തിയിട്ടുള്ളതാണ്. ടി കേസിലെ



GPM.25/299/2015/5,00,000...

ആവലാതിക്കാരിയായ രാഗി സി.കെ യുടെ മൊഴി വിശദമായി പരിശോധിച്ചതിൽ ടിയാൾ 05.07.2018 തീയതി കാലത്ത് ചക്കരക്കൽ ടൗണിലുള്ള കണ്ണൂർ ജില്ലാ സഹകരണ ബാങ്കിൽ പോയി തിരിച്ച് ഉദ്ദേശം 12.05 മണിയോടെ പോരക്കുളം എന്ന സ്ഥലത്ത് ബസിറങ്ങി വീട്ടിലേയ്ക്ക് നടന്ന് പോകവെ ഉദ്ദേശം 12.15 മണിയോടെയാണ് snatching നടന്നതെന്നും മോഷ്ടാവ് വെള്ള കളർ സ്കൂട്ടർ ഓടിച്ചാണ് വന്നിരുന്നതെന്നും ഉദ്ദേശം 40 വയസിന് മുകളിൽ പ്രായവും ഇളം ചാരകളർ പാന്റ്സും വലിയ കള്ളികളോട് കൂടിയ ചെക്ക് ഷർട്ടുമാണ് ധരിച്ചിരുന്നതെന്നും കളവ് ചെയ്ത ആളെ ഇനിയും കണ്ടാൽ തിരിച്ചറിയാമെന്നും മൊഴി നൽകിയിട്ടുള്ളതാണ്. അന്വേഷണത്തിന്റെ ഭാഗമായി VHF മുഖാന്തിരം പ്രതിയുടെ അടയാള വിവരങ്ങളും മറ്റും പോലീസ് സ്റ്റേഷനുകളെ അറിയിച്ചിട്ടുള്ളതും പ്രതി കൃത്യത്തിന് ശേഷം പോയ സ്ഥലങ്ങളിലെ റോഡരികിൽ സ്ഥാപിച്ചിട്ടുള്ള CCTV ദൃശ്യങ്ങൾ മറ്റും പരിശോധിച്ചിട്ടുള്ളതും ആയതിൽ ഉണ്ടായിരുന്ന പ്രതിയുടേതായി സംശയിക്കുന്ന ദൃശ്യങ്ങൾ കൃത്യത്തിന് വിധേയയായ സ്ത്രീയേയും മറ്റും മറ്റുള്ളവരെയും കാണിച്ച് തിരിച്ചറിഞ്ഞതിന് ശേഷം പ്രസ്തുത ദൃശ്യത്തിൽ കാണുന്ന ആളെ തിരിച്ചറിയുന്നതിനായി സോഷ്യൽ മീഡിയ വഴി മറ്റും പ്രചരിപ്പിച്ച് അന്വേഷണം നടത്തിയിട്ടുള്ളതായി സിഡി ഫയലിൽ പരാമർശിച്ച് കാണുന്നു. തുടർന്ന് ബന്ധപ്പെട്ട CCTV ദൃശ്യങ്ങൾ മഹസ്സർ പ്രകാരം ബന്തവസ്സിലെടുത്ത് അന്വേഷണം നടത്തിയിട്ടുള്ളതും CCTV ദൃശ്യങ്ങൾ സാക്ഷികളെ കണ്ട് ചോദിച്ച് മൊഴി രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.

അന്വേഷണത്തിൽ CCTV ദൃശ്യങ്ങളിൽ കണ്ട് പ്രതിയായി സംശയിക്കുന്ന ആളുമായി രൂപസാദൃശ്യം ഉള്ള ആൾ പുല്ലിയോട് അമ്പലത്തിന് സമീപം പുതുതായി വീടെടുത്ത് താമസിക്കുന്ന താജുദ്ദീൻ എന്ന ആളുടെ രൂപ സാദൃശ്യമുള്ള ആളാണെന്ന് സാക്ഷികൾ മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ 11/07/2018 തീയതി ചക്കരക്കൽ എസ്.ഐ. ടി കേസ്സിലെ കുറ്റകൃത്യം പ്രതി ചെയ്തതെന്ന് ഉത്തമ

വിശ്വാസത്തിൽ താജുദ്ദീനെ പോലീസ് കസ്റ്റഡിയിൽ എടുത്ത് സാക്ഷികളെ കാണിച്ച് തിരിച്ചറിഞ്ഞ് മൊഴി രേഖപ്പെടുത്തി കേസ്സിലെ പ്രതിയായി ഉൾപ്പെടുത്തി അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. CCTV ദൃശ്യത്തിൽ കണ്ട ആൾ ഉപ്പ തന്നെയാണെന്നും ദൃശ്യം കണ്ട മകൻ മുഹമ്മദ് തസ്നീൻ ജമീൽ പറഞ്ഞത് ടി കേസ്സിലെ പ്രതി താജുദ്ദീൻ തന്നെയാണെന്ന് അന്വേഷണ ഉദ്യോഗസ്ഥനായ ചക്കരക്കൽ എസ്.ഐ. അനുമാനിച്ചിട്ടുള്ളതാണ്.

അന്യായക്കാരിയുടെ മൊഴിയിൽ പറയുന്ന എല്ലാ അടയാള വിവരങ്ങളും പ്രഥമദൃഷ്ട്യാ താജുദ്ദീന്റെ കാര്യത്തിൽ ശരിയായി വരുന്ന രീതിയിലുള്ള വലിയ രൂപ സാദൃശ്യമുള്ളതായി CCTV ദൃശ്യങ്ങളും ആയത് താജുദ്ദീനേയും കണ്ട് മൊഴി നൽകി തിരിച്ചറിഞ്ഞ സാക്ഷികളുടെ മൊഴികളും കൃത്യം നടത്തിയത് താജുദ്ദീൻ ആണെന്നുള്ള നിഗമനത്തിൽ എസ്.ഐ. എത്തിച്ചേരാൻ ഇടയാക്കിയതായി ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. കൂടാതെ പ്രതി ധരിച്ച വാച്ചിന് സമാനമായ വാച്ച് താജുദ്ദീനിൽ നിന്നും ബന്തവസ്സിലെടുത്തിട്ടുള്ളതും ആയതിന് ഉപോൽബലകമായ തെളിവുകളായി കണക്കാക്കാവുന്നതാണ്. എന്നാൽ ടിയാനെ പോലീസ് കസ്റ്റഡിയിൽ വാങ്ങി വീണ്ടും ചോദ്യം ചെയ്തതിൽ ടിയാൻ കുറ്റം ചെയ്തിട്ടില്ല എന്നും നിരപരാധിയാണ് എന്നും പറഞ്ഞ് നിരവധി പരാതികൾ മേലുദ്യോഗസ്ഥർക്ക് താജുദ്ദീനും താജുദ്ദീന്റെ ബന്ധുക്കളും നല്കിയതിനെ തുടർന്ന് 20/09/2018 മുതൽ കേസ്സിന്റെ അന്വേഷണം കണ്ണൂർ DySP ശ്രീ. പി.പി. സദാനന്ദൻ ഏറ്റെടുത്ത് നടത്തിയതായി കാണുന്നു. കണ്ണൂർ DySP കേസ്സിന്റെ അന്വേഷണം ഏറ്റെടുത്ത ശേഷം മുൻ അന്വേഷണ ഉദ്യോഗസ്ഥനായ ചക്കരക്കൽ എസ്.ഐ.യുടെ അന്വേഷണ വിവരങ്ങൾ വിശകലനം ചെയ്തിട്ടുള്ളതും ഈ കേസ്സിൽ താജുദ്ദീനെ പ്രതിയായി ചേർത്ത ചക്കരക്കൽ എസ്.ഐ.യുടെ അന്വേഷണ തീരുമാനം good faith ലാണെന്ന് ബോധ്യപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. എന്നാൽ കളവ് മുതലോ കൃത്യത്തിന്

ഉപയോഗിച്ച സ്കൂട്ടറോ കണ്ടെടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ സാക്ഷി മൊഴികൾ മാത്രം വിശ്വസിച്ച് അന്തിമ നിഗമനത്തിൽ എത്തുന്നത് യുക്തി സഹമായിരിക്കില്ല എന്നുള്ളതിനാൽ കൂടുതൽ വിശദമായും സമഗ്രമായും അന്വേഷണം നടത്തേണ്ടത് അത്യാവശ്യമായതിനാൽ തന്നെ ഈ കേസ്സിന്റെ അന്വേഷണം ഏറ്റെടുത്തതായി സിഡിയിൽ പ്രതിപാദിച്ചിരിക്കുന്നു. തുടർന്ന് അന്വേഷണം ഏറ്റെടുത്ത വടകര DySP മുൻ അന്വേഷണ ഉദ്യോഗസ്ഥന്റെ അന്വേഷണം വെരിഫൈ ചെയ്തിട്ടുള്ളതായി കാണുന്നു.

അന്വേഷണം ശ്രീ. പി.പി. സദാനന്ദൻ ഏറ്റെടുത്ത് നടത്തിയതിനെ തുടർന്ന് നടത്തിയ അന്വേഷണത്തിൽ 05/07/2018 തീയതി സംഭവം നടന്ന 12.15 മണിക്ക് താജുദ്ദീൻ മകന്റെ കൂടെ വീട്ടിലാണ് എന്നുള്ള വാദത്തിന് ഉപോൽബലകമായ തെളിവുകൾ ഒന്നും ലഭിച്ചിട്ടില്ല എന്നും താജുദ്ദീൻ ഉപയോഗിക്കുന്ന മൊബൈൽ ഫോണിന്റെ ടവർ ലൊക്കേഷനും തൽസമയം താജുദ്ദീൻ ടിയാന്റെ സുഹൃത്തുമായി ചാറ്റ് ചെയ്തു എന്ന് പറയുന്നതിലും ഒരു വ്യക്തി ഉപയോഗിക്കുന്ന മൊബൈൽ നമ്പറിൽ നിന്നും ചാറ്റ് ചെയ്യുന്നതിന്റെ സ്ക്രീൻ ഷോട്ട് യഥാർത്ഥ സമയം മാറ്റി മറ്റൊരു സമയം കാണിച്ച് എടുക്കാവുന്നതേയുള്ളൂ എന്ന് സിഡിയിൽ പരാമർശിച്ചിരിക്കുന്നു. കൂടാതെ പരാതിക്കാരിയുടെ വീട്ടിനടുത്തുള്ള മഞ്ചർ അൽസമ എന്ന വീട്ടിലെയും കതിരൂരിലുള്ള വിന്നേഴ്സ് ലൈബ്രറിയിലെയും ഒലിവ് ഹൈപ്പർ മാർക്കറ്റിലെയും 05/07/2018 തീയതിയിലെ CCTV ദൃശ്യങ്ങൾ പരിശോധിച്ചതിൽ ടിയാളുടെ ഭർത്താവ് കാറിൽ യാത്ര ചെയ്യുന്നതായി കാണാം എന്ന് പരാതിയിൽ പറയുന്നുണ്ടെങ്കിലും പ്രസ്തുത ദൃശ്യങ്ങൾ പരിശോധിച്ചതിൽ ടിയാന്റെ കാർ ഓടിക്കുന്നത് ആരാണെന്ന് വ്യക്തമായി കാണുന്നില്ല എന്നും താജുദ്ദീന്റെ ഭാര്യയെയും മകളെയും ബ്യൂട്ടീഷ്യന്റെ വീട്ടിലേയ്ക്ക് ഇറക്കിയത് താജുദ്ദീന്റെ മകൻ മുഹമ്മദ് തസീൻ ജമീലാണെന്ന് പോലീസ് സ്റ്റേഷനിൽ വച്ച് ആദ്യം

രേഖപ്പെടുത്തിയ ടിയാന്റെ മൊഴിയിൽ വ്യക്തമായി പറഞ്ഞിരിക്കുന്നതായി സിഡിയിൽ പ്രതിപാദിച്ചിരിക്കുന്നു.

ആവലാതിക്കാരൻ പരാതിയോടൊപ്പം ഹാജരാക്കിയ പ്രതിയാണെന്ന് സംശയിക്കുന്ന CCTV ദൃശ്യങ്ങളിൽ കാണുന്ന വ്യക്തി താജുദ്ദീനേക്കാളും അല്പം തടി കൂടിതലായി തോന്നിക്കുന്നുണ്ട്. താജുദ്ദീനാണ് പ്രതി എന്നതിന്റെ തെളിവ് സാക്ഷി മൊഴികളിലും ദൃശ്യ സാദൃശ്യവും കൂടുതൽ ശക്തമായതിനാൽ മേൽപ്പറഞ്ഞ ചെറിയ വ്യത്യാസം കൊണ്ടു മാത്രം മറിച്ചുള്ള നിഗമനത്തിൽ എത്താൻ സാധിക്കില്ല എന്നും പ്രതിയുടെ identity സംബന്ധിച്ചുള്ള അന്തിമ നിഗമനത്തിൽ എത്താൻ വേണ്ടി കൂടുതൽ അന്വേഷണം ആവശ്യമുള്ളതാണെന്നും നിലവിലെ അന്വേഷണ ഉദ്യോഗസ്ഥനായ കണ്ണൂർ DySP ഫയലിൽ പരാമർശിക്കുന്നുണ്ട്. കേസ്സിന്റെ സിഡി ഫയൽ പരിശോധിച്ചതിൽ കേസ്സിലെ അന്വേഷണ ഉദ്യോഗസ്ഥനായ കണ്ണൂർ DySP പരാതിക്കാരൻ ഉന്നയിച്ചിട്ടുള്ളതും ടിയാൻ കേസ്സിലെ പ്രതി അല്ല എന്ന് ചൂണ്ടിക്കാട്ടുന്നതിലേയ്ക്കുമായ വാദഗതികൾ പരിശോധിച്ചു വരികയാണെന്നും സിഡി ഫയലിൽ പ്രതിപാദിക്കുന്നുണ്ട്.

കൃത്യം നടന്ന 05/07/2018 തീയതി ഉച്ചക്ക് 12 മണിയോടെ താജുദ്ദീൻ തന്റെ മകളേയും ഭാര്യയേയും കൂട്ടി Swift കാറിൽ ഉക്കാസ് മേട്ട എന്ന സ്ഥലത്തുള്ള ബ്യൂട്ടീഷ്യന്റെ വീട്ടിൽ എത്തി മകളേയും ഭാര്യയേയും അവിടെ ഇറക്കി തിരികെ പോയി എന്നും ബ്യൂട്ടീഷ്യൻ ശ്രീമതി. ഷെജിത മൊഴി നൽകിയിട്ടുള്ളതാണ്. ആയതിനാൽ ഉക്കാസ് മേട്ട എന്ന ബ്യൂട്ടീഷ്യന്റെ താമസ സ്ഥലത്ത് നിന്നും ഉദ്ദേശം 11 കിലോമീറ്റർ മാറിയുള്ള Snatching നടന്ന സംഭവസ്ഥലത്ത് എത്തിച്ചേർന്ന് താജുദ്ദീൻ കുറ്റകൃത്യം ചെയ്യാനുള്ള സാധ്യത വളരെക്കുറവാണ് എന്നും കൂടാതെ CCTV ദൃശ്യത്തിൽ ഉള്ള ആൾ വലതു കൈയ്യിൽ വള ധരിച്ചതായി കാണുന്നു എന്നും അല്പം തടി കൂടുതലായും കാണുന്നതിന് പുറമെ ദൃശ്യത്തിൽ ഉള്ള ആളുടെ നെറ്റിയിൽ കാണുന്ന കറുത്ത പാടുകളും താജുദ്ദീന്റെ അടയാള വിവരങ്ങളുമായി

യോജിക്കാത്തതാണെന്നും സിഡിയിൽ പ്രതിപാദിച്ചിരിക്കുന്നു. കൂടാതെ CCTV ദൃശ്യത്തിലുള്ള ആൾ കൈയ്യിൽ സ്റ്റീൽ വള ധരിച്ചിരിക്കുന്നതായി കാണുന്നു. എന്നാൽ മുസ്ലീം മത വിശ്വാസികൾ കൈയ്യിൽ വള ധരിക്കാൻ സാധ്യതകുറവായതിനാൽ വീഡിയോയിൽ കാണുന്ന ആൾ താജുദ്ദീനല്ല എന്ന സംശയം ഉണർത്തുന്നുണ്ട് എന്നും മേൽ സാഹചര്യങ്ങളിൽ താജുദ്ദീനെ പ്രതി എന്ന നിലയിൽ identify ചെയ്തതിൽ അബദ്ധം പറ്റിയിരിക്കാനുള്ള സാധ്യത വളരെ കൂടുതലാണ് എന്നും സിഡിയിൽ പ്രതിപാദിച്ചിരിക്കുന്നു.

തുടർന്ന് നടന്ന അന്വേഷണത്തിൽ CCTV ദൃശ്യത്തിൽ കാണുന്ന അടയാള വിവരങ്ങളോട് കൂടിയ ഏതെങ്കിലും MO ക്രിമിനൽസ് കണ്ണൂർ ജില്ലയിലും സമീപ ജില്ലയിലും എവിടെയെങ്കിലും ഉണ്ടോയെന്ന് വ്യാപകമായി നടത്തിയ അന്വേഷണത്തിൽ കോഴിക്കോട് ജില്ലയിൽ അഴിയൂരിൽ കോറോത്ത് റോഡിലുള്ള വത്സരാജിന്റെ മകൻ ശരത്തിന് CCTV ദൃശ്യങ്ങളിൽ സ്കൂട്ടർ ഓടിച്ച് പോകുന്ന ആളുമായി സാദൃശ്യം ഉള്ളതായി വിവരം ലഭിച്ചിട്ടുള്ളതും ടിയാൻ വടകര പോലീസ് സ്റ്റേഷൻ ക്രൈം. 686/18 U/s 420 IPC കേസ്സിലേയ്ക്ക് 28/07/2018 തീയതി അറസ്റ്റ് ചെയ്തിട്ടുള്ളതായും ടിയാൻ ഇപ്പോൾ കോഴിക്കോട് സബ് ജയിലിൽ റിമാന്റിൽ കഴിഞ്ഞ് വരുന്നതായും അറിയുന്നു.

തുടർന്ന് വടകര ക്രൈം സ്ക്വാഡിൽ നിന്നും അയച്ച് കിട്ടിയ ഫോട്ടോകൾ സൂക്ഷ്മമായി പരിശോധിച്ചതിൽ ശരത് വത്സരാജിന് ഭാഗികമായി നരച്ച താടിയുള്ളതായും സുമാർ 45 വയസ് തോന്നിക്കുന്നതായും പൂർണ്ണമായി കഷണ്ടിയുള്ളതായും കാണുന്നു. ടിയാന്റെ face book അക്കൗണ്ട് കണ്ടെത്തി അതിൽ പോസ്റ്റ് ചെയ്തതായ കൂടുതൽ ഫോട്ടോകൾ പരിശോധിച്ചതിൽ ഒരു ഫോട്ടോയിൽ വലുത് കൈയ്യിൽ സ്റ്റീൽ വള ധരിച്ചതായും കാണുന്നു. കൂടാതെ ടിയാന്റെ നെറ്റിയിൽ അല്പം കുഴിഞ്ഞ് കറുത്ത പാടുകൾ കാണുന്നുണ്ട്. ഈ കേസ്സിലെ സംഭവസ്ഥലത്ത് നിന്നും രക്ഷപ്പെട്ടു പോകുന്ന പ്രതിയുടെ CCTV ദൃശ്യത്തിൽ നെറ്റിയിലെ കറുത്ത

അടയാളങ്ങളും കൈയ്യിലെ വളയും ഉൾപ്പെടെ കൂടുതൽ മാച്ച് ചെയ്യുന്നത് കേസ്സിൽ അറസ്റ്റ് ചെയ്ത താജുദ്ദീനേക്കാൾ ശരത്തിനാണ് എന്നും സിഡിയിൽ പറയുന്നു.

കൂടാതെ കേസിൽ അറസ്റ്റ് ചെയ്യപ്പെട്ട താജുദ്ദീൻ ഉപയോഗിച്ചു എന്നു പറയുന്ന മൊബൈൽ നമ്പറിന്റെ സി.ഡി.ആർ പകർപ്പുകൾ എസ്.ഐ ശേഖരിച്ചത് പരിശോധിച്ചതിൽ സംഭവസമയം താജുദ്ദീന്റെ ടവർ ലൊക്കേഷൻ ടിയാന്റെ വീടും പരിസരവും തന്നെയാണ് കാണിക്കുന്നത്.

തുടർന്ന് ഈ കേസിലെ അന്യായക്കാരിയെ നേരിൽ കണ്ട് ശരത്തിന്റെ ഫോട്ടോ കാണിച്ച് ചോദ്യം ചെയ്തതിൽ ടിയാൾ താജുദ്ദീൻ തന്നെയാണെന്ന് പ്രതിയെന്ന വാദത്തിൽ ഉറച്ചുനിൽക്കുകയും ശരത്തിന്റെ ഫോട്ടോ തിരിച്ചറിയാതിരിക്കുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ അന്യായക്കാരി മജിസ്ട്രേട്ടിന്റെ മുമ്പാകെ നൽകിയ CrPC Sec 164 പ്രകാരം നൽകിയ മൊഴിയിലും പ്രതി താജുദ്ദീൻ ആണെന്ന് പറഞ്ഞിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ ശരത്തിനെ ഈ കേസിലേക്ക് കൊണ്ടുവരുന്നതിനോ, താജുദ്ദീനെ പ്രതി സ്ഥാനത്തുനിന്നും ഒഴിവാക്കുന്നതിനോ കൂടുതൽ വസ്തുനിഷ്ഠമായ തെളിവുകൾ ആവശ്യമാണ്.

ശരത്തിന്റെ മൊബൈൽ നമ്പർ ശേഖരിച്ച് സംഭവ ദിവസത്തെ ടിയാന്റെ ടവർ ലൊക്കേഷൻ, മൂവ്മെന്റ്സ് എന്നിവ പഠിച്ചതിനുശേഷം ടിയാൻ ജാമ്യത്തിലിറങ്ങുന്ന മുറയ്ക്ക് ഈ കേസിലേക്ക് ചോദ്യം ചെയ്യേണ്ടതുണ്ട്. കൂടാതെ സി.സി.ടി.വി ദൃശ്യങ്ങളിൽ കാണുന്നയാളുടെ മുഖം Superimposition പരിശോധനക്ക് വിധേയമാക്കുവാനുള്ള സാദ്ധ്യതയും തേടുന്നുണ്ട്.

ഇതുവരെ നടത്തിയ അന്വേഷണത്തിൽ ഈ കേസിലേക്ക് താജുദ്ദീനെ അറസ്റ്റ്ചെയ്ത നടപടി തെറ്റായിപ്പോകുവാനുള്ള സാദ്ധ്യത കാണുന്നുണ്ടെങ്കിലും അക്കാര്യത്തിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ

'Good Faith' ചോദ്യം ചെയ്യപ്പെടാവുന്നതല്ല. ഒരാൾ ഒരു Cognizable Offence-ൽ ഉൾപ്പെട്ടതായി വിശ്വാസയോഗ്യമായ അറിവോ, യുക്തിസഹമായ സംശയമോ ഉണ്ടായാൽ അറസ്റ്റ് ചെയ്യാമെന്നിരിക്കെ കുറ്റകൃത്യത്തിലെ ദൃക്‌സാക്ഷികൾ അടക്കം 5 സാക്ഷികൾ തിരിച്ചറിഞ്ഞ് പറഞ്ഞ പ്രതിയുടെ അറസ്റ്റ് രേഖപ്പെടുത്തിയത് Bonafide Intention ഉള്ള Official Duty തന്നെയാണെന്ന് പറയാം.

ഇനി ഈ കേസ്സിലെ യഥാർത്ഥ പ്രതി നിലവിൽ അറസ്റ്റ് ചെയ്യപ്പെട്ട കുറ്റാരോപിതനായ താജുദ്ദീനാണോ അതോ വത്സരാജ് ആണോ അതോ മറ്റാരെങ്കിലുമാണോ എന്ന് വ്യക്തമായി നിർണയിക്കുന്നതിലേയ്ക്ക് താഴെപ്പറയുന്ന കാര്യങ്ങൾ കൂടി അന്വേഷണ വിധേയമാക്കേണ്ടതാണ് എന്ന് കാണുന്നു.

1. ഈ കേസ്സിൽ പ്രതിയാണെന്ന് സംശയിക്കപ്പെടുന്ന ആളുടെ CCTV ദൃശ്യങ്ങൾ താജുദ്ദീനുമായും ശരത് വത്സരാജുമായും താരതമ്യം ചെയ്ത് സൂക്ഷ്മ വിശകലനം നടത്തി ശാസ്ത്രീയമായ super imposition പോലെയുള്ള പരിശോധനകൾക്ക് വിധേയമാക്കി ആയതിന്റെ expert opinion ശേഖരിക്കേണ്ടതായി കാണുന്നു.
2. സംഭവ ദിവസം താജുദ്ദീൻ ഉപയോഗിച്ചതായി പറയുന്ന 9847798824, ടിയാന്റെ ഭാര്യയുടെ കൈവശം ഉണ്ടായിരുന്ന 8606058813, ടിയാന്റെ മകന്റെ കൈവശം ഉള്ളതായി പറയുന്ന 9526663767 എന്നീ നമ്പറുകളുടെ call details-ഉം tower dumb ഉം ശേഖരിച്ച് പരിശോധിച്ച് ടിയാൻമാരുടെ മൊഴികളുമായി താരതമ്യം ചെയ്ത് അന്വേഷണ വിധേയമാക്കേണ്ടതാണ്.
3. സംശയിക്കപ്പെടുന്ന മറ്റൊരാളായ ശരത് വത്സരാജ് ഉപയോഗിച്ച് വന്നിരുന്നതായി പറയുന്ന 9747970239, 8075263541, 7092082643 എന്നീ നമ്പറുകളുടെ call details-ഉം tower dumb ഉം മറ്റും ശേഖരിച്ച് അന്വേഷണ വിധേയമാക്കേണ്ടതാണ്.

4. സംഭവദിവസം snatching-ന് വിധേയയായ സ്ത്രീയുടെ കൈവശം ഉണ്ടായിരുന്ന 9847486383 എന്ന ഫോണിന്റെ call details-ഉം tower dump-ഉം ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.
5. സംശയിക്കപ്പെടുന്ന മറ്റൊരു ആളായ ശരത് വത്സരാജിനെ കസ്റ്റഡിയിൽ വാങ്ങി വിശദമായി ചോദ്യം ചെയ്ത് ഈ കുറ്റകൃത്യത്തിലെ പങ്ക് അന്വേഷണ വിധേയമാക്കേണ്ടതും ടിയാൻ ഈ കേസ്സിലെ പ്രതിയാണെന്ന് ബോധ്യപ്പെടുന്ന പക്ഷം മോഷണ മുതലായ സ്വർണ്ണമാലയും കൃത്യത്തിന് ഉപയോഗിച്ച വെള്ള സ്കൂട്ടറും റിക്കവറി നടത്താൻ ശ്രമിക്കേണ്ടതാണ്.
6. താജുദ്ദീനെ പോലീസ് അറസ്റ്റ് ചെയ്ത സമയം ടിയാന്റെ കൈവശം ഉണ്ടായിരുന്ന 56,000/- രൂപ ടിയാൻ 10/07/2018 തീയതി തന്റെ ഭാര്യയുടെ സ്വർണ്ണം ബാങ്കിൽ പണയം വച്ച് കിട്ടിയതാണെന്നുള്ള ടിയാന്റെ വാദം അന്വേഷണ വിധേയമാക്കേണ്ടതാണ്.
7. ശരത് വത്സരാജിനെ പോലീസ് കസ്റ്റഡിയിൽ എടുത്ത ശേഷം ടിയാനെ പരാതിക്കാരി ഉൾപ്പെടെയുള്ള സംഭവവുമായി ബന്ധപ്പെട്ട് പരിചയമുള്ള എല്ലാ സാക്ഷികളേയും കാണിച്ച് സാക്ഷികളുടെ മൊഴി വിശദമായി രേഖപ്പെടുത്തി യഥാർത്ഥ പ്രതിയെ കണ്ടെത്താനുള്ള ശ്രമം നടത്തേണ്ടതാണ്.
8. കൃത്യം നടന്ന 05/07/2018 തീയതി ഉച്ചക്ക് 12 മണിയോടെ താജുദ്ദീൻ തന്റെ മകളേയും ഭാര്യയേയും കൂട്ടി Swift കാറിൽ ഉക്കാസ് മേട്ട എന്ന സ്ഥലത്തുള്ള ബ്യൂട്ടീഷ്യന്റെ വീട്ടിൽ എത്തി മകളേയും ഭാര്യയേയും അവിടെ ഇറക്കി തിരികെ പോയി എന്നും ബ്യൂട്ടീഷ്യൻ ശ്രീമതി ഷെജിത മൊഴി നൽകിയിട്ടുള്ളതാണ്. ആയതിനാൽ ഉക്കാസ് മേട്ട എന്ന ബ്യൂട്ടീഷ്യന്റെ താമസ സ്ഥലത്ത് നിന്നും ഉദ്ദേശം 11 കിലോമീറ്റർ മാറിയുള്ള Snatching നടന്ന സംഭവസ്ഥലത്ത് എത്തിച്ചേർന്ന് താജുദ്ദീൻ കുറ്റകൃത്യം

ചെയ്യാനുള്ള സാധ്യത പരിശോധിച്ച് അന്വേഷണ വിധേയമാക്കേണ്ടതാണ്.

ഈ കേസ്സിന്റെ ആദ്യ അന്വേഷണം നടത്തി വന്നിരുന്ന ചക്കരക്കൽ എസ്.ഐ. ശ്രീ. പി. ബിജു കേസ്സുമായി ബന്ധപ്പെട്ട് ലഭ്യമായ CCTV ദൃശ്യങ്ങളുമായി രൂപ സാദൃശ്യമുള്ള താജുദ്ദീൻ എന്ന ആളെ കസ്റ്റഡിയിൽ എടുത്ത് പരാതിക്കാരിയായ സ്ത്രീയെയും മറ്റ് 5 സാക്ഷികളെയും കാണിച്ച് തിരിച്ചറിഞ്ഞ് കൃത്യം നടത്തിയത് താജുദ്ദീനാണെന്ന് മൊഴി നൽകിയിട്ടുള്ളതും കൂടാതെ CCTV ദൃശ്യങ്ങളിൽ കണ്ട വ്യക്തി തന്റെ ഉപ്പ ആണെന്ന് സ്വന്തം മകൻ തന്നെ മൊഴി നൽകിയതിന്റെ അടിസ്ഥാനത്തിൽ കൃത്യം നടത്തിയത് താജുദ്ദീനെ ഈ കേസ്സിലെ പ്രതിയായി ഉൾപ്പെടുത്തി അറസ്റ്റ് ചെയ്ത് റിമാന്റ് റിപ്പോർട്ട് സഹിതം കോടതിയിൽ ഹാജരാക്കി തുടർന്ന് 53 ദിവസം തലശ്ശേരി സബ് ജയിലിൽ കഴിഞ്ഞിട്ടുള്ളതുമാണ്. ഇതിൽ കേസ്സിലെ പ്രതിയായി താജുദ്ദീനെ അറസ്റ്റ് ചെയ്ത എസ്.ഐ. ശ്രീ. പി. ബിജുവിന്റെ പ്രവർത്തി ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവർത്തിയാണെന്ന് എസ്.ഐ. അവകാശപ്പെടുന്നുവെങ്കിലും കേസ്സിൽ ഉൾപ്പെട്ട താജുദ്ദീന്റെ സംഭവസ്ഥലത്തെ സാന്നിദ്ധ്യവും മറ്റും ശാസ്ത്രീയമായി പരിശോധിക്കുകയോ പ്രവാസിയായ താജുദ്ദീനെ മകളുടെ നിക്കാഹ് ആവശ്യത്തിലേക്കായി നാട്ടിൽ വന്ന സമയം ഇത്തരത്തിൽ ഒരു കുറ്റകൃത്യം ചെയ്യേണ്ട ആവശ്യമുണ്ടോ എന്ന കാര്യങ്ങളും മറ്റും ചക്കരക്കൽ എസ്.ഐ. ശ്രീ. പി. ബിജു പ്രാഥമികമായി അന്വേഷണം നടത്തിയിട്ടില്ലാത്തതായി കാണുന്നു. കൂടാതെ താജുദ്ദീനെ അറസ്റ്റ് ചെയ്ത സമയം കൃത്യത്തിന് ഉപയോഗിച്ച വെള്ള സ്കൂട്ടറോ മോഷണ മുതലായ മാലയോ റിക്കവറി നടത്താൻ എസ്.ഐ. ശ്രമിച്ചതായി കാണുന്നില്ല. ആയതിനാൽ എസ്.ഐയുടെ പ്രവർത്തി ഇത്തരത്തിലുള്ള പ്രധാനപ്പെട്ട കേസ്സിൽ കസ്റ്റഡിയിൽ എടുത്ത വ്യക്തി യഥാർത്ഥ പ്രതിയാണോ എന്ന് നിർണ്ണയിക്കുന്നതിൽ ജാഗ്രതക്കുറവും തിടുക്കവും ഉണ്ടായിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്.

ആയതിനാൽ ചക്കരക്കൽ എസ്.ഐ ശ്രീ. പി. ബിജുവിനെതിരെ ഉചിതമായ വകുപ്പ്തല നടപടിക്ക് ശുപാർശ ചെയ്യാവുന്നതാണ്.

നിലവിൽ ഈ കേസ്സിലെ കുറ്റാരോപിതനായ ശ്രീ. താജുദ്ദീൻ നൽകിയ പരാതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ എല്ലാം തന്നെ നിലവിലെ കേസ്സിന്റെ അന്വേഷണ ഉദ്യോഗസ്ഥനായ കണ്ണൂർ DySP ശ്രീ. പി.പി. സദാനന്ദൻ വളരെ സൂക്ഷ്മമായി പരിശോധിക്കുകയും ആ നിലയിൽ യഥാർത്ഥ പ്രതിയെ കണ്ടെത്തുന്നതിലേക്കായി ശരിയായ രീതിയിൽ അന്വേഷണം നടത്തി വരുന്നതായി സിഡി ഫയൽ പരിശോധിച്ചതിൽ നിന്നും വെളിവാകുന്നു. ആയതിനാൽ ഈ കേസ്സിന്റെ അന്വേഷണം മറ്റൊരു ഉദ്യോഗസ്ഥനെയോ മറ്റൊരു ഏജൻസിയെ ഏല്പിക്കുകയോ ചെയ്യുന്നത് ആവശ്യമാണെന്ന് കാണുന്നില്ല. ആയതിനാൽ നിലവിൽ കണ്ണൂർ DySP നടത്തുന്ന അന്വേഷണം തൃപ്തികരമായി നടക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിലേയ്ക്ക് കണ്ണൂർ ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകേണ്ടതും തെളിവുകളുടെ അടിസ്ഥാനത്തിൽ ഈ കേസ്സിലെ യഥാർത്ഥ പ്രതിയെ കണ്ടെത്തി തൊണ്ടിമുതലുകൾ മറ്റും ബന്തവസ്സിലെടുത്ത് കോടതിക്ക് സമർപ്പിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ നീതിപൂർവ്വമായ അന്വേഷണം ഉറപ്പുവരുത്തി കോടതി മുമ്പാകെ അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകാവുന്നതുമാണ്.

സവിനയം

എസ്. ശ്രീജിത്ത് ഐ.പി.എസ്
പോലീസ് ഇൻസ്പെക്ടർ ജനറൽ (ക്രൈംസ്),
സി.ബി.സി.ഐ.ഡി, ഹെഡ്ക്വാർട്ടേഴ്സ്,
തിരുവനന്തപുരം.

**Enclosures :**
1. പരാതിയും ബന്ധപ്പെട്ട രേഖകളും.
2. പരാതിക്കാരനായ താജുദ്ദീന്റെ മൊഴി.
3. പരാതിക്കാരൻ ഹാജരാക്കിയ 11 ഫോട്ടോകൾ.